# പതിമൂന്നാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1059

20/03/2012 ൽ മറുപടിക്ക്

## 'ശിക്ഷാ വിശാരദ്' എന്ന ബിരുദത്തിന്റെ അംഗീകാര വിശദാംശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ദാസൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | അലഹബാദിലെ ഹിന്ദി സാഹിത്യ സമ്മേളൻ എന്ന പേരിലുള്ള യൂണിവേഴ്സിറ്റി നൽകുന്ന 'ശിക്ഷാ വിശാരദ്' എന്ന ബിരുദം കേരളത്തിൽ യു.പി.സ്കൂളിലും ഹൈസ്ക്കൂളിലും ഹിന്ദി അദ്ധ്യാപക നിയമനത്തിന് ആൾട്ടർനേറ്റീവ് ക്വാളിഫിക്കേഷൻ (ബിഎഡിന് തത്തുല്യം) ആയി അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവ് നമ്പറും വിശദാംശവും വ്യക്തമാക്കാമോ; | (എ) | ഉണ്ട് 17/3/98 ലെ G.O (MS) 88/98/G.Edn. ഉത്തരവിന്റെ അടിസ്ഥാനത്തിൽ അലഹബാദിലെ ഹിന്ദി സാഹിത്യ സമ്മേളൻ എന്ന പേരിലുള്ള യൂണിവേഴ്സിറ്റി നൽകുന്ന 'ശിക്ഷാ വിശാരദ്' എന്ന ബിരുദം കേരളത്തിൽ യു.പി.സ്കൂളിലും ഹൈസ്ക്കൂളിലും ഹിന്ദി അദ്ധ്യാപക നിയമനത്തിന് ആൾട്ടർനേറ്റീവ് ക്വാളിഫിക്കേഷൻ (ബിഎഡിന് തത്തുല്യം) ആയി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ G.O (MS) 28/10/G.Edn 9/2/10 പ്രകാരം ടി കോഴ്സിന്റെ അംഗീകാരം പിൻവലിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ ഉത്തരവ് നമ്പർ ജി.ഒ (എം.എസ്) 28/10/G.Edn തീയതി 09/02/2010 പ്രകാരം ഹിന്ദി സാഹിത്യ സമ്മേളൻ നൽകുന്ന 'ശിക്ഷാ വിശാരദ്' ബിരുദം പഠിക്കുന്നതിന് എൻ.സി.റ്റി.ഇ അംഗീകരിച്ച കേരളത്തിലെ 3 കേന്ദ്രങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത കേന്ദ്രങ്ങളുടെ പേര്,വിലാസം മറ്റ് വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുമോ; | (ബി) | 1. ഹിന്ദി പ്രചാർ കേന്ദ്ര, കൊടുങ്ങല്ലൂർ, തൃശ്ശൂർ-680664<br>2. കേന്ദ്രീയ ഹിന്ദി മഹാവിദ്യാലയം, മണപ്പാടം, പാലക്കാട്- 678 689<br>3.കസ്തൂർബാഗാന്ധി മെമ്മോറിയൽ ഹിന്ദി ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, കസ്തൂർബാ നഗർ, നെടുപുഴ,തൃശ്ശൂർ-680015 |

| | | |
|---|---|---|
| (സി) | എൻ.സി.റ്റി.ഇ. അംഗീകാരമുള്ള പ്രസ്തുത 3 കേന്ദ്രങ്ങൾ അല്ലാതെ ഈ കേന്ദ്രങ്ങളുടെ ഉപകേന്ദ്രമായി കേരളത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ അത്തരം കേന്ദ്രങ്ങൾ ഏതെല്ലാമാണ്; എവിടെയാണ് സ്ഥിതി ചെയ്യുന്നത്, വിലാസം എന്നിവ വ്യക്തമാക്കാമോ; ഇത്തരം ഉപകേന്ദ്രങ്ങൾക്ക് എൻ.സി.റ്റി.ഇ യുടെ അംഗീകാരമുണ്ടോ എന്ന് വിശദമാക്കാമോ; ഉപകേന്ദ്രങ്ങളിൽ ചേർന്ന് പഠിച്ച് കരസ്ഥമാക്കുന്ന 'ശിക്ഷാ വിശാരദ് ബിരുദം ഹിന്ദി അദ്ധ്യാപക നിയമനത്തിന് അംഗീകാരമുള്ള യോഗ്യതയായി പരിഗണിക്കുമോ; | (സി) യും (ഡി) യും (ഇ) യും<br><br>കേരളത്തിലെ എയ്ഡഡ് യു.പി/എച്ച്.എസ് വിഭാഗത്തിലെ ഹിന്ദി അദ്ധ്യാപക തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള പകര യോഗ്യതയായി അലഹബാദ് ഹിന്ദി സാഹിത്യ സമ്മേളൻ നടത്തുന്ന'ശിക്ഷാ വിശാരദ്' കോഴ്സിന് 13/7/1998 ലെ G.O (MS) 88/98/G.Edn. പ്രകാരം അംഗീകാരം നൽകിയിരുന്നു. കേരളത്തിൽ NCTE അംഗീകാരമില്ലാത്തനിരവധിസ്ഥാപനങ്ങൾ ഈ കോഴ്സ് നടത്തിയിരുന്നു. എന്നാൽ ഈ കോഴ്സ് നടത്തുന്നതിനെ സംബന്ധിച്ചും, പഠിപ്പിക്കുന്ന സ്ഥാപനങ്ങളെകുറിച്ചും നൽകുന്ന സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതിയെകുറിച്ചും ധാരാളം പരാതികൾ ലഭിച്ചതിന്റെയും വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ടി കോഴ്സിന്റെ അംഗീകാരം 2006 മാർച്ച് മുതൽ 9/2/10 ലെ G.O (MS) No.28/10/G.Edn. ഉത്തരവ് പ്രകാരം പിൻവലിച്ചിരുന്നു. NCTE അംഗീകാരമുള്ള സ്ഥാപനങ്ങൾ നടത്തുന്ന ഈ കോഴ്സിന് 31/12/2009 വരെ അംഗീകാരം നൽകിയിരുന്നു. NCTE അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ ഈ ഉത്തരവ് പ്രകാരം 2006 മാർച്ച്വരെ നൽകിയ കോഴ്സ് സർട്ടിഫിക്കറ്റിന് അംഗീകാരമുണ്ട്. |
| (ഡി) | ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ 'ശിക്ഷാ വിശാരദ്' ബിരുദം യോഗ്യതയുമായി നിയമനാംഗീകാരത്തിന് വരുന്ന അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിന് മുൻപ് 'ശിക്ഷാ വിശാരദ്'ബിരുദം എൻ.സി.റ്റി.ഇ. അംഗീകരിച്ച കേന്ദ്രത്തിൽ നിന്ന് തന്നെയാണോ നേടിയിട്ടുള്ളത് എന്ന് പരിശോധിക്കാറുണ്ടോ; ഇതിനായി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിയമപരമായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; സ്ഥാപനത്തിന്റെ അംഗീകാരം സംബന്ധിച്ച് എൻ.സി.റ്റി.ഇ. അധികൃതരോട് അഭിപ്രായം തേടാറുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ; | |
| (ഇ) | ബിരുദ സർട്ടിഫിക്കറ്റിന്റെ കൂടെ പഠിച്ച വിദ്യാലയം വെളിവാകുന്ന അഡ്മിഷൻ കാർഡ്, ടി.സി. മുതലായ രേഖകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ? | |

സെക്ഷൻ ഓഫീസർ